# അക്കാദമിക് മാസ്റ്റർപ്ലാൻ

# 2025-26

## GLPS
## CHERIYAVELINALLOOR

# സമഗ്ര വിദ്യാലയ വികസന രേഖ

**ആമുഖം**

(നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം വർദ്ധിച്ച ആവേശത്തോടെയും താൽപര്യത്തോടെയുമാണ് കേരള സമൂഹം ഏറ്റെടുത്തിരിക്കുന്നത് ഈ ആവേശവും താൽപര്യവും ഈ വിദ്യാലയത്തെയും ഞങ്ങൾ കരുതുന്നു എന്നത് എടുത്തു പറയേണ്ടുന്ന വസ്തുതയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞപ്രവർത്തനങ്ങളുടെ ഗുണപരമായ മാറ്റം സംസ്ഥാനത്തുടനീളം വ്യക്തമായി ഒന്നരലക്ഷത്തിലധികം കുഞ്ഞുങ്ങൾ അധികമായി ഈ വർഷം പൊതു വിദ്യാലയങ്ങളിൽ അഡ്മിഷൻ നേടുകയുണ്ടായി. അതിന്റെ അലയൊലിയെന്നോണം ഈ വിദ്യാലയത്തിലും അഡ്മിഷൻ കാര്യമായി വർദ്ധിക്കുകയുണ്ടായി. അധ്യാപക രക്ഷാകർതൃസമിതികൾ, പൂർവ്വ വിദ്യാർത്ഥികൾ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ എന്നുവേണ്ട ഓരോവ്യക്തിയും തങ്ങളുടെ ജീവിതത്തെ കരുപ്പിടിപ്പിച്ച പൊതു വിദ്യാലയങ്ങളെ അവയുടെ നഷ്ട പ്രതാപങ്ങൾ തിരിച്ചുപിടിക്കാനുള്ള വിവിധങ്ങളായ പ്രവർത്തനങ്ങളിൽ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. (ഈ വിദ്യാലയത്തെ പ്രാദേശിക സമൂഹത്തിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ആവശ്യങ്ങൾ നേടാൻ പ്രാപ്തമാക്കുന്ന സമഗ്ര വികസന പ്ലാൻ ആണ് ഇത്.) ഈ പ്ലാനിന്റെ മുഖ്യ ലക്ഷ്യം ഈ വിദ്യാലയത്തിൽ എത്തിച്ചേരുന്ന ഓരോകുട്ടിക്കും ലഭ്യമാകേണ്ട ഉയർന്ന നിലവാരത്തിലുള്ള പഠന ബോധന അനുഭവങ്ങളും വ്യക്തി പരമായ ശ്രദ്ധയും പരിഗണനയുമാണ്. ഇത് നിർണയിക്കുന്നത് വിദ്യാലയത്തിലെ അക്കാദമിക പ്രവർത്തനങ്ങളാണ്.അടിസ്ഥാന സൗകര്യങ്ങളും അതിന് അനുയോജ്യമാകേണ്ടതുണ്ട്. ഇത്തരത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള പഠനബോധന സൗകര്യങ്ങളും ശ്രദ്ധയും പരിഗണനയും ഓരോകുട്ടിക്കും ലഭിക്കുന്ന ജനകീയ വിദ്യാഭ്യാസ മാതൃകയും അത് പ്രാവർത്തികമാക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളും ഈ വിദ്യാലയവികസന പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

അതതു കാലഘട്ടത്തിൽ ആർജ്ജിക്കാവുന്ന ഏറ്റവും ഉയർന്ന തലത്തിലുള്ള അറിവും കഴിവും നേടാനും ജനാധിപത്യമൂല്യബോധം ഉളവാക്കാനും കുട്ടികളെ സജ്ജമാക്കിക്കൊണ്ട് അനന്യമായ വിദ്യാഭ്യാസ അനുഭവങ്ങൾ വികസിപ്പിച്ചെടുക്കുക ഈ പ്ലാനിന്റെ മുഖ്യ ലക്ഷ്യമാണ്.അക്കാദമിക മികവിലൂടെ വിദ്യാലയമികവ് എന്ന കാഴ്ചപ്പാട് ഉയർത്തിക്കൊണ്ട് സമൂഹ പങ്കാളിത്തത്തോടെ ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്നതാണ് ലക്ഷ്യം

ഈ വിദ്യാലയം ഈ പ്രദേശത്തുള്ള എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും പ്രാപ്യവും സ്വീകാര്യവുമായി മാറ്റിക്കൊണ്ട് പൊതു സമൂഹം ഏറ്റെടുത്ത പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം അതിന്റെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് സഹായിക്കുന്ന പദ്ധതിയാണിത്.അക്കാദമികമികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിക്കൊണ്ട് ഭൗതികവും അക്കാദമികവും സാമൂഹ്യവുമായ മേഖലകളിലെ വികസനം സാധ്യമാക്കുന്നതിന് സഹായകമായ കർമ്മപദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട് . അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, സാമൂഹിക രാഷ്ട്രീയ സാംസ്കാരിക സന്നദ്ധസംഘടനാ പ്രവർത്തകർ, വിവിധ സർക്കാർ സർക്കാരിതര ഏജൻസികൾ എന്നിവയുടെ കൂട്ടായ്മയിലൂടെ മാത്രമേ ഇത്തരത്തിലുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കാൻ കഴിയൂ.ഈ വിദ്യാലയത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി 5 വർഷം കൊണ്ട് പൂർത്തിയാക്കാനുദ്ദേശിക്കുന്ന കർമ്മ പദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്.

## സ്കൂളിന്റെ ചരിത്രം

പട്ടികജാതി വിഭാഗക്കാർ ഉൾപ്പെടെയുള്ള പിന്നോക്ക ജനവിഭാഗങ്ങൾ ഏറെയുള്ള ഒരു ഗ്രാമമാണ് റോഡുവിള.പണ്ടുകാലത്ത് പിന്നോക്ക പ്രദേശമായ ഇവിടുത്തെ കുട്ടികൾക്ക് പഠിക്കുന്നതിന് വിദൂരദേശങ്ങളിലുള്ള വിദ്യാലയങ്ങളെ ആശ്രയിക്കേണ്ടിയിരുന്നു.അതുകൊണ്ടുതന്നെ ഇവിടെയുള്ള സാധാരണക്കാരന്റെ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം ഒരു കിട്ടാക്കനിയായിരുന്നു. അങ്ങനെയാണ് നാട്ടിലൊരു വിദ്യാലയം എന്ന ആശയം ഉടലെടുത്തത്.1947 ൽ ആണ് ഒരു സ്കൂൾ ആരംഭിക്കാനുള്ള ജനകീയ ശ്രമം ആരംഭിച്ചത്.ശ്രീ വിളയിൽ മാധവന്റെ നേതൃത്വത്തിൽ ഷേഖ് ലബ്ബ, തോട്ടത്തിൽ മാധവൻപിള്ള, നീലകണ്ഠൻ ആചാരി, എ.എ. ലത്തീഫ് എന്നിവർ ഉൾപ്പെട്ട ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി.സ്കൂൾ സ്ഥാപിക്കാനായി അമ്പത് സെന്റ് പുരയിടം സംഭാവനയായി നൽകിയത്

ശ്രീ മുഹമ്മദ് കണ്ണ് ലബ്ബയെന്ന മനുഷ്യസ്നേഹിയായിരുന്നു.ഏകാധ്യാപക വിദ്യാലയമായി തുടങ്ങിയ ഈ സ്കൂളിന്റെ ആദ്യ അധ്യാപകൻ പഴഞ്ഞാർപത് പറമ്പിൽ അബ്ദുൾ റഹിം ആയിരുന്നു.ഒരു എയ്ഡഡ് വിദ്യാലയമായി രൂപം കൊണ്ട ഈ സ്കൂൾ പിന്നീട് സർക്കാരിന് 1958 ൽ വിട്ടുകൊടുത്തു. അക്കാലത്ത് കേരളത്തിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ.ജോസഫ് മുണ്ടശ്ശേരിയാണ് സർക്കാരിലേയ്ക്ക് സ്കൂൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചത്.

**ലക്ഷ്യങ്ങൾ**

√ പ്രീ പ്രൈമറി വിദ്യാഭ്യാസം പൂർണ്ണമായും ശിശുകേന്ദ്രീകൃതമായി ആധുനികമായി പരിഷ്കരിക്കുകയും അതനുസരിച്ച് പഠനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും 5 വയസ്സുവരെ കുട്ടി ആർജ്ജിക്കേണ്ട കാര്യങ്ങൾ ആർജ്ജിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക

√ എൽ.പി.തലത്തിലെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക, (അതായത് പഠനവിഷയങ്ങളിൽ ആശയവ്യക്തത ഉണ്ടാകുക.കണക്ക് പരിസരപഠനം ഐ.ടി വിഷയങ്ങളിൽ ധാരണയും കഴിവും നേടുക.പാഠ്യേതരവിഷയങ്ങളിൽ വൈവിധ്യവും ആർജ്ജവവും നേടുക.സാമൂഹ്യ മംഗളത്തെ ധാരണ, പരിസ്ഥിതിജ്ഞാനം തുടങ്ങിയവ കൈവരിക്കുക.)

√ കുട്ടിയുടെകഴിവ് കേവലം വിഷയ പഠനങ്ങളിൽ മാത്രം ഒതുങ്ങാതെ സർഗ്ഗപരമായ എല്ലാ കഴിവും വികസിപ്പിക്കുക

√ അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയത്തിൽ എത്തിക്കുക

√ ഉന്നത നിലവാരത്തിലുള്ള അധ്യയനം ഉറപ്പാക്കത്തക്കരീതിയിൽ കാര്യക്ഷമമായ അദ്ധ്യാപകപരിശീലനം ഉറപ്പുവരുത്തുക

√ പാഠ്യേതരമികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക,

√ കാർഷിക സംസ്കാരം പുതിയതലമുറയിൽ വളർത്തിയെടുക്കുക.മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക

√ മദ്യപാനം, മയക്കുമരുന്ന്, എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽനിന്ന് ഒഴിവാക്കാനാവുന്നതരത്തിൽ ഇടപെടലുകൾ നടത്തുക

√ കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുക

√ സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുക

√ പിന്നോക്കം നിൽക്കുന്നവരെ പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക

√ സ്കൂൾ വായനശാലകളും ലാബുകളും ആധുനികവൽക്കരിക്കുക

√ വിദ്യാലയത്തിലെ പഠനപ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കുക.

√ മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങളിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം നൽകുക

√ വിദ്യാഭ്യാസത്തിലെ മത വർഗ്ഗീയ ധ്രുവീകരണത്തിനും കച്ചവട താൽപര്യങ്ങൾക്കും അറുതി വരുത്തുക

√ അക്കാദമിക മികവിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് കുട്ടികളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുക

√ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുക

√ സ്കൂളിന്റെ ഭൗതിക സൗകര്യവും അക്കാദമികസാഹചര്യവും ഉയർത്തുക

√ ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുക

√ ഉന്നത സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി അധ്യയന നിലവാരം മെച്ചപ്പെടുത്താൻ കുട്ടികളെയും അദ്ധ്യാപകരെയും പ്രാപ്തരാക്കുക

√ ജൈവവൈവിധ്യപാർക്ക് സ്ഥാപിച്ച് കുട്ടികളെ പ്രകൃതിയോട് ഇടപഴകി ജീവിക്കാൻ പരിശീലിപ്പിക്കുക

√ ശുചിത്വം, അച്ചടക്കം തുടങ്ങിയ മൂല്യങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കാൻ പരിശീലിപ്പിക്കുക

√ പി.ടി.എ., എം.പി.ടി.എ. പൂർവ്വ വിദ്യാർത്ഥി സംഘടന എന്നിവയുടെ സാന്നിധ്യവും സഹകരണവും സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഉറപ്പാക്കുക

## ആമുഖം

വിദ്യാഭ്യാസം കൊണ്ടും മറ്റും നേടിയെടുക്കുന്ന ഗുണങ്ങളാണ് സംസ്കാരം എന്നാണ് ശബ്ദതാരാവലിയിൽ സംസ്കാരത്തെ നിർവചിച്ചിരിക്കുന്നത് ഇത് ഈ വാക്കിന് ഇതിനെക്കാളൊക്കെ വലിയ അർത്ഥമാണ് നാം കല്പിക്കുന്നത് എന്ന് നമുക്കറിയാം. അതിന് പുതിയ നിർവചനം കൊടുക്കുന്നതിനെക്കാൾ സംസ്കാരം എന്ന ആശയം രൂപപ്പെടുന്ന രീതി അന്വേഷിക്കുന്നത് നന്നായിരിക്കും. കുട്ടിയിൽ നല്ല സംസ്കാരം രൂപപ്പെടുത്തുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം. അത് എങ്ങനെയെന്ന് നോക്കാം. മനുഷ്യന് അറിവുകൊണ്ടുവന്ന് നല്കുന്നത് പഞ്ചേന്ദ്രിയങ്ങളാണെന്ന് നമുക്കറിയാം. കണ്ണുകൊണ്ട് കണ്ടറിയാം. ചെവികൊണ്ട് കേട്ടറിയാം. മൂക്കുകൊണ്ട് മണത്തും നാവുകൊണ്ട് രുചിച്ചും ത്വക്കുകൊണ്ട് സ്പർശിച്ചും അറിയാം. പഞ്ചേന്ദ്രിയങ്ങൾ കൊണ്ടുതരുന്ന ഈ അറിവുകൾ ഉള്ളിൽ വികാരങ്ങൾ സൃഷ്ടിക്കും. ഈ വികാരങ്ങൾ നമ്മെ വിചാരത്തിലേയ്ക്ക് നയിക്കും. വിചാരത്തിൽ നിന്നാണ് വാക്കുണ്ടാകുന്നത്. വാക്കിൽ നിന്ന് പ്രവൃത്തിയുണ്ടാകുന്നു. പ്രവൃത്തിയാണ് ഒരുവന്റെ പെരുമാറ്റം. പെരുമാറ്റമാണ് സ്വഭാവം. സ്വഭാവമാണ് ഒരുവന്റെ സംസ്കാരം. അറിവ്-വികാരം-വിചാരം-വാക്ക്-പ്രവൃത്തി-പെരുമാറ്റം-സ്വഭാവം-സംസ്കാരം ഈയൊരു ശൃംഖലയിൽ മാറ്റം വന്നാൽ അത് സംസ്കാരത്തെ ബാധിക്കും. ഉദാഹരണത്തിന് വികാരത്തിൽ നിന്നും പ്രവൃത്തിയിലേയ്ക്ക് നേരിട്ട് പ്രവേശിച്ചാൽ അത് സംസ്കാരത്തെ വികലമാക്കും. ഈ ശൃംഖല പരിശോധിച്ചാൽ കുട്ടിയുടെ സംസ്കാരം രൂപപ്പെടുന്നതിൽ ഇന്ദ്രിയങ്ങൾ വഴി അവനിൽ എത്തുന്ന അറിവിന് വലിയ പ്രാധാന്യം ഉണ്ടെന്ന് കാണാൻ കഴിയും. ശരിയായ അറിവ് കുട്ടിയിൽ എത്തിക്കുക എന്നതാണ് പരമപ്രധാനമായ കാര്യം. മലയാളം , ഇംഗ്ലീഷ്, അറബിക് , കണക്ക്, പരിസരപഠനം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങളിൽ കുട്ടി ഏർപ്പെടുമ്പോൾ ആ അറിവ് അവനിൽ ഉണ്ടാക്കുന്ന വികാരം, വിചാരം, വാക്ക്, പ്രവൃത്തി, പെരുമാറ്റം, സ്വഭാവം എന്നിവ സംസ്കാരം രൂപപ്പെടാൻ സഹായിക്കും. ശരിയായ സംസ്കാരം രൂപപ്പെടാൻ ശരിയായ അനുഭവങ്ങൾ കുട്ടിക്ക് പഠനപ്രവർത്തനത്തിലൂടെ ലഭിക്കണം. അതിന് മാതൃകാപരവും മികച്ചതുമായ പഠനപ്രവർത്തനങ്ങൾ നടത്താനാവശ്യമായ സാഹചര്യങ്ങൾ സജ്ജമാക്കികൊടുക്കുക എന്നതാണ് ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം വയ്ക്കുന്നത്.

## വിഷയം **മലയാളം**

### മേഖല എഴുത്തും വായനയും

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് വിദ്യാർത്ഥിസമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേയ്ക്ക് നയിക്കാൻ വേണ്ടി ഈ വിദ്യാലയം ഒരു ബൃഹത്ത് പ്രവർത്തനം ഏറ്റെടുക്കുകയാണ്. സ്കൂളിലെ എല്ലാകുഞ്ഞുങ്ങളെയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുന്ന അക്കാദമികമാസ്റ്റർ പ്ലാനിന്റെ ഭാഗമായി ഓരോകുട്ടിയെയും മികച്ച വായനക്കാരനും മികച്ച എഴുത്തുകാരനും ആക്കുകയാണ് ഈ യജ്ഞം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഈ ലക്ഷ്യം നേടുന്നതിനുവേണ്ടി പിന്നോക്കം നില്ക്കുന്നവരെക്കൂടി മുൻ നിരയിലെത്തിച്ച് വായനയും എഴുത്തും ഒരു സംസ്കാരമാക്കി ഈ വിദ്യാലയത്തെ ഒരു ഒരു സർഗ്ഗപ്രപഞ്ചമാക്കി മാറ്റാനുള്ള നൂതന സംരംഭമാണിത്

**പരികല്പന രൂപീകരണം**

ക്ലാസ് റൂം പ്രവർത്തനങ്ങളിലൂടെയും നിരന്തരമൂല്യ നിർണയത്തിലൂടെയും എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്താൻ കഴിഞ്ഞു.

**പഠന രീതി നിഗമനങ്ങൾ**

ക്ലാസ് റൂം പ്രവർത്തനങ്ങളിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളെ കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു.ഇതിലൂടെ അവരിലെ എഴുത്തിലും വായനയിലുമുള്ള പ്രശ്നങ്ങൾ മനസിലാക്കുന്നു.കുട്ടികളെ ക്ലാസ് തലത്തിൽ പട്ടികപ്പെടുത്തുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു.ഈ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളായി നടപ്പിലാക്കുന്നു

**പ്രോജക്ട് നിർവഹണം**

ഭാഷാപരമായി എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി സ്കൂളിൽ നടപ്പിലാക്കുന്നപ്രവർത്തനങ്ങൾ

**അക്ഷരമാല**

അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രവർത്തനം നടപ്പിലാക്കിയത്.ഇതിനായി അക്ഷരങ്ങളും ചിഹ്നങ്ങളുംപ്രത്യേകമായി വരുന്ന തരത്തിൽ മാലകൾ തയ്യാറാക്കുന്നു.അദ്ധ്യാപകൻ പറയുന്ന വാക്കുകൾക്ക് അനുസരിച്ച് അക്ഷരമാലകൾ കുട്ടികൾ ക്രമീകരിക്കുന്നു.

േ ക ര ള ം

**ചില്ലക്ഷരപാട്ടുകൾ**

അക്ഷരങ്ങളോടൊപ്പം ചില്ലക്ഷരങ്ങൾ കൂടി ഉറപ്പിക്കാൻ വേണ്ടിയാണ് ഈ പ്രവർത്തനം നടപ്പിലാക്കുന്നത്.പാട്ടുകളിൽ ചില്ലക്ഷരങ്ങൾ ആവർത്തിച്ചുവരികയും ആ ചില്ലക്ഷരങ്ങൾക്ക് വ്യത്യസ്ത നിറം നൽകി കുട്ടികളിൽ താല്പര്യം ജനിപ്പിക്കുന്നു.

ഉദാ കൂൺകറി നമ്മൾ കൂട്ടീട്ടും

കൂൺകറി കൂട്ടാൻ രസമാണ്

മീൻ പിടുത്തം രസമാണ്

മീൻകറി ഊണിനു നല്ലരസം

..................................................

..................................................

..................................................

..................................................

**അക്ഷരപ്പൂക്കൾ**

ചാർട്ടിൽ പൂക്കൾ വരച്ച് നിറം നൽകി വ്യത്യസ്ത നിറങ്ങളിൽ ഇതളുകളിൽ അക്ഷരങ്ങൾ ക്രമീകരിക്കുന്നു.ഇതിനെ ഒരു അക്ഷരം ഉപയോഗിച്ച് പരമാവധി വാക്കുകൾ രൂപപ്പെടുത്തുന്നു.



**അക്ഷരകൂട്ടുകാർ**

കാർഡുകളിൽ അക്ഷരങ്ങൾ എഴുതി, അക്ഷരകാർഡുമായി കുട്ടികളെ വട്ടത്തിൽ നിർത്തുന്നു. അധ്യാപിക പറയുന്ന വാക്കുകളിലെ അക്ഷരകൂട്ടുകാർ ഒരുമിച്ചുചേരുന്നു.

**സിഡിയിൽ ഒരു ചിത്രം**

ഐ.സി.റ്റി സാധ്യത ഉപയോഗിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനമാണ്.ചെറിയ വീഡിയോ ക്ലിപ്പിംഗുകളായിട്ടാണ് ഇതു നൽകുന്നത്.ആകർഷകമായ ചില ഭാഗങ്ങൾ നിശ്ചലമാക്കിക്കൊണ്ട് അവയെക്കുറിച്ചുള്ള വാക്കുകളോ വാക്യങ്ങളോ കുട്ടികളെക്കൊണ്ട് പറയിപ്പിക്കുകയും തുടർന്ന് എഴുതിപ്പിക്കുകയും ചെയ്യുന്നു.

**ചിത്ര കഥ**

ഒരു കഥയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വെട്ടിയൊട്ടിച്ച ചാർട്ടു നൽകുന്നു.കഥാപാത്രങ്ങളുടെ സംഭാഷണങ്ങൾ കുട്ടികൾ എഴുതിച്ചേർക്കുന്നു.തുടർന്ന് ഈ കഥ കുട്ടികൾ കഥാപാത്രങ്ങളായി അവതരിപ്പിക്കുന്നു.

**പുസ്തകം പരിചയപ്പെടൽ**

സ്കൂൾ അസംബ്ലിയിൽ ഓരോ ദിവസവും ഓരോ പുസ്തകത്തെ പരിചയപ്പെടുത്തുന്നു. പുസ്തകത്തിന്റെ പേര് , രചയിതാവ്, ആശയം, കഥാപാത്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചെറുവിവരണം തുടങ്ങിയവ മനോഹരമായി അവതരിപ്പിക്കുന്നു.ഈ വിവരണം പുസ്തകം കണ്ടെത്തി വായിക്കുന്നതിലേയ്ക്ക് കുട്ടികളെ നയിക്കുന്നു.

**സ്കൂൾ തല പ്രസിദ്ധീകരണങ്ങൾ**

കുട്ടികളുടെ സർഗ്ഗാത്മക ശേഷി പരിപോഷിപ്പിക്കുന്നതിന് അവരുടെ സൃഷ്ടികൾ ഉൾപ്പെടുത്തി ഫോട്ടോസഹിതം പത്രങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഇതൊരു പ്രചോദനമാണ്.

കൊളാഷ് നിർമ്മാണമത്സരം, ചുവർപത്ര നിർമ്മാണം എന്നിവയിലൂടെയും കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

ഇവയോടൊപ്പം തന്നെ മലയാളത്തിളക്കം, തിളക്കം നഷ്ടപ്പെട്ടവരെ മുന്നോട്ടു നയിക്കുന്നതിനായി നടത്തുന്ന ഒരു പ്രവർത്തനമാണ്.ഇതിലൂടെ കുട്ടികളിൽ എഴുത്തും വായനയും പരിപോഷിപ്പിക്കപ്പെടുന്നു.കൂടാതെ കളികളിലൂടെ പഠനം എന്ന ആശയം മുൻ നിർത്തിയുള്ള ശ്രമവും ഈയൊരു തലത്തിൽ ചെറുതല്ലാത്ത പങ്കു വഹിക്കുന്നു.

വായനക്കുറിപ്പുകൾ, ഭാഷാകേളികൾ, പദപ്രശ്നങ്ങൾ, നിറം നൽകൽ, കൂട്ടെഴുത്ത്, ആസ്വാദനം, ചിത്രീകരണങ്ങൾ, വായനക്കുറിപ്പുകൾ, കഥാപൂരണം, എന്നിങ്ങനെ സ്കൂളിൽ നടത്തുന്ന പ്രവർത്തനങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അവരുടെ പിന്നോക്കാവസ്ഥയിൽ നിന്നും മുന്നേറാൻ കൂടുതൽ അവസരം ലഭിക്കുന്നു.

**നിഗമനം**

ഇത്തരത്തിലുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലൂടെ പിന്നോക്കം നിൽക്കുന്നവരെ മുഖ്യധാരയിൽ എത്തിക്കാൻ കഴിയുന്നു.എഴുത്തും വായനയും ഒരു വലിയ ഭാരമായി കരുതുന്ന കുട്ടികളെ ആകർഷിക്കപ്പെടുന്ന തരത്തിലുള്ള കളികളിലൂടെയും പാട്ടുകളിലൂടെയും കഥകളിലൂടെയും വിവിധ പ്രവർത്തനങ്ങൾ നൽകിയാൽ ഈ യജ്ഞം വൻ വിജയമാക്കാൻ കഴിയും

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

### മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികാസമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ദിനപ്പത്രം സംയുക്ത ഡയറി സചിത്ര പുസ്തകം സ്വന്തം രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ മാനസികവും സാമൂഹികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഓരോ മാസവും വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഉറപ്പിക്കുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കേണ്ടതും ഇത് പ്രാവർത്തിക സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിജയിക്കുന്നതിന് സാധ്യത തേടി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചനാ ശില്പശാലകൾ നടത്തുന്നു.
- തിയേറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പാഠഭാഗം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

### പ്രവർത്തനങ്ങൾ

- സചിത്ര നോട്ടുബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമിക് മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

## ജൂലൈ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിറങ്ങളും എഴുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

### പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ എത്തിപ്പെടുന്നു.

## സെപ്റ്റംബർ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാപാഠം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

### പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാക്കുന്നു
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഈണത്തിലും താളത്തിലും അവതരിപ്പി   ക്കുകയും ചെയ്യുന്നു
- ദിനാചരണങ്ങളെ പരിചയപ്പെടുത്തി ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു
- കൂട്ട വായന, താളവായന, വിട്ട വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനാശീലം ഉണ്ടാകുന്നു
- രചനാശീലം ഉണ്ടാകുന്നു
- പത്രവായനയ്ക്ക് അവസരം നൽകൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തയ്യാറാക്കി എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനുള്ള വൈവിധ്യമാർന്ന ശില്പശാലകൾ നടത്തുന്നു.
- വിവിധ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡയറിയിൽ പോർട്ട്ഫോളിയോയായി സൂക്ഷിക്കുന്നു..
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കൈയെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുന്നിൽ പ്രകാശിപ്പിക്കുന്നു.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കണ്ടെത്തുന്ന പുസ്തകങ്ങൾ തയ്യാറാക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

### പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന,കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

### വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർക്കുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കണ്ടെത്തുന്ന പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

Std - I

# English

## Accadomic Master plan

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January

- Enjoy songs and sings them with Rhythm and action
- Make picture albums
- Collect pictures of animals and its young ones

February

- provide the opportunity to express myself in the classroom
- English assembly once in a week

March

- Speaks English fluently
- Read and write simple sentences
- Picture reading and picture description.

Std. I

# ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. [illegible]

## ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ച് വരെയുള്ള എണ്ണത്തെ പകരമായി ഇത്ര കൂടുതൽ കുറവ് എന്നിങ്ങനെ തിരിച്ചറിയുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യാപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

### ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

### ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

### ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

### സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

### ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഏതൊക്കെ സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

### നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒറ്റ സംഖ്യയും ഇരട്ടസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒറ്റ സംഖ്യയും ഇരട്ടസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
- സങ്കലന, വ്യവകലന ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്ന് മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- ചില വിനോദപ്പട്ടിക, പ്രശ്ന നിർധാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി മൂല്യം എന്നിവ തിരിച്ചറിയുന്നു.

ജി. എൽ. പി. എസ്

ചെറിയവെള്ളിനല്ലൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് - 2

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് : 2

## ഭാഷ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് : 2 ഭാഷ

വിദ്യാലയത്തിന്റെ പേര്: ജി.എൽ.പി.എസ്
ചെറിയ വെളിനെല്ലൂർ

രണ്ടാം ക്ലാസിലെ കുട്ടികളുടെ എണ്ണം : 7

## അക്കാദമിക പ്രവർത്തന ലക്ഷ്യങ്ങൾ

* ഓരോ കുട്ടിയും തെറ്റില്ലാത്ത ഭാഷയിൽ ചെറുവാക്യങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കാനുള്ള കഴിവ് നേടുന്നു.
* എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുന്നു
* എല്ലാ കുട്ടികളും ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരങ്ങൾ തയ്യാറാക്കാനുള്ള കഴിവ് നേടുന്നു.
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

## 2025-26 അധ്യയന വർഷം നടത്തേണ്ട പ്രവർത്തനങ്ങൾ

* ക്ലാസ് പി.ടി.എ കൾ
* ക്ലാസ് അനുഭവ റിപ്പോർട്ട്. SRG യോഗത്തിൽ
* പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യൽ
* വായനോത്സവം, രചനോത്സവം.

* സ്വന്തം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ അധ്യാപക രക്ഷാകർതൃ വിലയിരുത്തൽ രീതികൾ ബോധ്യപ്പെട്ട് കൂടുതൽ പിന്തുണ നൽകൽ

## ആമുഖം

ഗവൺമെന്റ് എൽ. പി സ്കൂൾ ചോറട് വെള്ളിനെല്ലൂരിൽ 2025-26 അധ്യയനവർഷത്തിൽ 36 കുട്ടികൾ രണ്ടാം ക്ലാസ്സിൽ പഠിക്കുന്നുണ്ട്. കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക വികാസം, സർഗാത്മക മേഖല വൈകാരിക മേഖലകളിൽ ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസത്തിന് ലക്ഷ്യം വെച്ചുകൊണ്ടും ആവശ്യമായ പിന്തുണാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു കൊണ്ടും രണ്ടാം ക്ലാസിലെ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നു.

വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മികവ്

* സമഗ്ര ഗുണമേന്മ മുൻനിർത്തിക്കൊണ്ട് ഭാഷാ ശേഷി വികസനത്തിലൂന്നിയ അക്കാദമിക മാസ്റ്റർ പ്ലാൻ സമയ ബന്ധിതമായി നടപ്പാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാല സാഹിത്യകൃതികൾ വായിക്കുന്നതിനും, ഇൻലന്റ് മാസികകൾ തയ്യാറാക്കുന്നതിനുള്ള കഴിവും നേടുന്നു.

* സ്വതന്ത്ര സർഗ്ഗാത്മക രചനകളെ പ്രോത്സാഹിപ്പിക്കുന്നതിന് രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ക്ലാസ് പി.ടി.എകൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തിപ്പെടുത്തുന്നു.

| പ്രവർത്തനം | പ്രവർത്തന ലക്ഷ്യങ്ങൾ | പ്രവർത്തന പദ്ധതികൾ | സമയക്രമം | ചുമതല | സഹായങ്ങൾ |
|---|---|---|---|---|---|
| 1. മലയാള മധുരം | എല്ലാ കുട്ടികളും സ്വന്തം അഭിരുചിക്കനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതാനും പറയാനും ആവിഷ്കരിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | * ചിത്രകഥാ പുസ്തകങ്ങൾ<br>* ഭാഷാപഠനത്തിന് ഇണങ്ങിയ പ്രവർത്തനങ്ങൾ.<br>* വായനയും, എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ | ജൂൺ | ക്ലാസ് ടീച്ചർ HM | PTA |
| നാട്ടുവിശേഷം കൂട്ടുകൂടാം | പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിച്ച അനുഭവങ്ങൾ തനിമ ചോരാതെ ഭാഷയിൽ എഴുതാൻ കഴിയുന്നു. | * പ്രകൃതിനടത്തം, ചർച്ച- ചെയ്ത് SRG യിൽ ആസൂത്രണം ചെയ്യൽ<br>* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉപയോഗം<br>* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉപയോഗിക്കുന്നു.<br>* വീട്ടുകൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു | ജൂലൈ | CPTA<br>ക്ലാസ് ടീച്ചർ HM | CPTA BRC<br>SSK |

| | | | | | |
|---|---|---|---|---|---|
| റീഡേഴ്സ് തിയേറ്റർ | * മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു. * വ്യത്യസ്ത സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു. | * SRG യിൽ ആസൂത്രണം ചെയ്യൽ<br>* CPTA യിൽ ആസൂത്രണം ചെയ്യൽ പിന്തുണ ഉറപ്പാക്കൽ<br>* ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല<br>* കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കി ബാലസാഹിത്യ കൃതികൾ, പാഠഭാഗങ്ങൾ എന്നിവ റീഡേഴ്സ് തിയേറ്ററിൽ അവതരിപ്പിക്കുന്നു<br>ഭാഷോത്സവത്തിൽ മികച്ചത് അവതരണം | ജൂൺ<br>ജൂൺ മൂന്നാംവാരം<br>ജൂലൈ<br>ജൂലൈ - മാർച്ച്<br>ഫെബ്രുവരി | | |
| പാട്ടരങ്ങ് | താളം മനസ്സിലാക്കി കവിതകൾക്ക് ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു<br>* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഈണവും താളവും തിരിച്ചറിയുന്നു. പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു<br>* ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാക്കുന്നു | * പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തനങ്ങൾ എന്നിവ SRG യിൽ ചർച്ച<br>* പാട്ടരങ്ങ് ഏകദിനശില്പശാല സംഘടിപ്പിക്കുന്നു.<br>* കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ. | ജൂൺ അവസാന വാരം<br>ആഗസ്റ്റ്<br>സെപ്റ്റംബർ മുതൽ എല്ലാ മാസവും | ക്ലാസ് ടീച്ചർ<br>രക്ഷിതാവ് | BRC |

| | | | | | |
|---|---|---|---|---|---|
| ലൈബ്രറി പുസ്തക വായനാക്കുറിപ്പ് | വായനാ [illegible] വായനാക്കുറിപ്പ് | * ക്ലാസ് ലൈബ്രറി പോർട്ട്ഫോളിയോ ഒരുക്കൽ<br>* വീട്ടു ലൈബ്രറി ഒരുക്കൽ<br>* വായന മൂലയിൽ [illegible] പുസ്തകങ്ങൾ ഉണ്ടാക്കുന്നു. | ആഗസ്റ്റ് സെപ്റ്റംബർ | ലൈബ്രറി SRG PTA ക്ലാസ് ടീച്ചർ | SMC SRG |
| 2. ഭാഷോത്സവം | * ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു<br>* കുട്ടികളുടെ സ്വതന്ത്ര വായനയ്ക്ക് സാധ്യത ഒരുക്കുന്നു<br>* പൊതുവേദിയിൽ സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നു. | * ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു.<br>* PTA യിൽ അവതരിപ്പിച്ച് പിന്തുണ നേടുന്നു.<br>* മികവുകൾ ലിസ്റ്റ് ചെയ്യുന്നു<br>* സാമൂഹിക ഉത്സവമായി മാറ്റുന്നു.<br>* വായിച്ചറിഞ്ഞ കഥയെ ചിത്രീകരിക്കൽ<br>* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ, വായിച്ച കഥാപാത്രങ്ങൾക്ക് അഭിനയിക്കാൻ ഒരുക്കൽ | ആഗസ്റ്റ് - മാർച്ച്<br><br>നവംബർ | SRG HM PTA<br><br>ക്ലാസ് ടീച്ചർ | SSK PTA<br><br>PTA |

3. രചനാത്മകം

| | | | | | |
|---|---|---|---|---|---|
| | * ഉചിതമായ ആശയാവിഷ്കാരത്തിലൂടെ ലേഖന മികവ് | * എഴുത്തും കുറിപ്പും രചനയിലേക്ക് നയിക്കുന്ന രചനാതന്ത്രങ്ങൾ<br>* ചെറുപതിപ്പുകൾ<br>* മാസികകൾ<br>* വ്യത്യസ്ത രചനകൾ പ്രസിദ്ധീകരിക്കൽ | ഒക്ടോബർ- നവംബർ<br><br>മാർച്ച് | SRG, SMC അംഗങ്ങൾ | SSK MPTA<br><br>CPTA, BRC |
| | * സർഗാത്മകതയെ തട്ടിയുണർത്താൻ | * രചനാശില്പശാല, കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ.<br>എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)<br>* സ്വതന്ത്രമായ സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനുള്ള അവസരമൊരുക്കൽ | ഡിസംബർ- ജനുവരി<br><br>ഫെബ്രുവരി | അധ്യാപകർ കുട്ടികൾ പ്രമുഖ വ്യക്തികൾ<br><br>ക്ലാസ് ടീച്ചർ HM | SRG SMC<br><br>SRG |

മാർച്ച്

* വ്യക്തിഗത വായനയെ പ്രോത്സാഹിപ്പിക്കൽ
* ഓരോ കുട്ടിക്കും ഓരോ പതിപ്പ്, കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ

വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഉൾപ്പെട്ടുകൊണ്ട്, പൊതുവിദ്യാഭ്യാസത്തെ ഉയരത്തിൽ എത്തിക്കാനും, ഭാഷയിൽ [illegible]വിധ നൈപുണിയും നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും മികവുറ്റതായി തീരാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സഹായിക്കട്ടെ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് : 2 ഗണിതം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് 2 ഗണിതം

വിദ്യാലയത്തിന്റെ പേര് : ജി. എൽ. പി. എസ്. ചെറിയ വെളിനല്ലൂർ

രണ്ടാം ക്ലാസിലെ കുട്ടികളുടെ എണ്ണം :

പ്രത്യേക പരിഗണന ആവശ്യം ഉള്ളവർ :

ഗോത്ര വിഭാഗത്തിൽപെടുന്നവർ :

ക്ലാസ് നയിക്കുന്നത് :

അക്കാദമിക പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നപരിഹാരം എന്നിങ്ങനെയുള്ള ശേഷി ഉറപ്പിക്കാൻ.
- സംഖ്യാബോധവും, ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പാക്കൽ.
- പ്രായോഗിക പ്രശ്നം പരിഹരിക്കുന്നു - വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

## ആമുഖം

ഗണിതത്തിന്റെ അടിസ്ഥാന ശേഷികൾ കൈവരിക്കുന്ന ഇടമാണ് പ്രൈമറി കാലഘട്ടം. ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യുന്നു. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത്. ഉല്ലാസഗണിതം, ഗണിത വിജയം പദ്ധതികൾ മുന്നോട്ട് വന്നതു തന്നെ ഉന്നത നേട്ടങ്ങൾ കുട്ടിയെ കൈവരിക്കാൻ. കുട്ടിയെ ഏറെ സഹായിച്ചിട്ടുണ്ട്. ഗണിത പ്രവർത്തനങ്ങളിൽ തൽപരരാവുകയും നേടേണ്ട ശേഷികൾ നേടിയെടുക്കാൻ സഹായിക്കുക എന്നത് തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യം വയ്ക്കുന്നത്.

### വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം

- ലോകത്തെവിടെയുമുള്ള നിശ്ചിത പ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും, കഴിവും നമ്മുടെ കുട്ടികളും നേടി എന്ന് ഉറപ്പാക്കും.
- അവരവരുടെ കഴിവുകൾ കണ്ടെത്തി അവ വർദ്ധവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ ഉണ്ടാകുന്നു.
- മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവനത്തിന് അവശ്യമായ ആത്മവിശ്വാസവും, അറിവും, പ്രാപ്തിയും ആർജ്ജിക്കും.
- അടിസ്ഥാന ശേഷികൾ നേടി എന്ന് ഉറപ്പുവരുത്തും.

| ക്രമ | പ്രവർത്തനം | പ്രവർത്തന ലക്ഷ്യങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| I | സംഖ്യകൾ ചക്രത്. | ഗണിത ചിന്താശേഷി വളർത്തൽ | • പാഠഭാഗത്തിലെ സംഖ്യാബോധം ഉറപ്പാക്കൽ<br>• കുട്ടികളുടെ തുടർച്ച പഞ്ചി നാണ പണം പറയൽ. | ജൂൺ | ക്ലാസ്ടീച്ചർ | SMC |
| | | | • ഗണിത കിറ്റ് തയ്യാറാക്കൽ<br>• പത്തിന്റെയും, ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.<br>• മൂന്നക്ക സംഖ്യകൾ രൂപീകരിക്കൽ. | ജൂലൈ | ക്ലാസ്ടീച്ചർ<br>MPTA | SRG<br>PTA, SSK |
| | | പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യവസ്ഥിതിയിൽ പ്രയോജനപ്പെടുത്തുന്നു. | • പ്രായോഗിക ഗണിതാശയങ്ങളിൽ ഉൾച്ചേർത്താനുതകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തൽ. | ഓഗസ്റ്റ് | ക്ലാസ് ടീച്ചർ | SMC |

| | | | | | | |
|---|---|---|---|---|---|---|
| 2 | കുസൃതി ചോദ്യം | ഗണിതാഭിരുചി വളർത്താൻ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകൾ, ഗണിത പസിലുകൾ, പരിചയപ്പെടൽ) | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | SRG ക്ലാസ് ടീച്ചർ | PTA |
| | | | ഗണിത ക്ലബ് (ഗണിത കളികളിലൂടെ) | മാസത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ | PTA SRG |
| 3 | ഗണിത കേളികൾ | കുട്ടികൾക്ക് ഗണിതകളികളിൽ താൽപര്യമുണ്ടാക്കുന്നു. യുക്തിബോധം വളർത്തുന്നു. | വ്യത്യസ്തമായ ഗണിത കളികളിൽ ഏർപ്പെടുന്നു<br>കൂട്ടുകാരെ കണ്ടെത്താം (സങ്കലനം)<br>ഡൊമിനോ കളികൾ (വ്യവകലനം)<br>ബോൾ കളി (ഗുണനം) | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | CPTA SSK. |

# Academic Master plan

## Class. 2 English

# Academic Master plan

Subject : English
Aim : To speak, Read & write English with out any mistakes
Time : June, July, August

## June

### Pretest

To develop listening skills & reading skills first

### Listening skills

Games, Action Songs, Hello English activities Conversations, skit Stories

Use ICT

### Speaking Skills

Descriptions, growing Sentences, picture reading, picture description, Self introduction Assembly activities - Speech, book review, quiz riddles, Self introduction, School radio etc

## July & August

### Reading skills

News paper reading, library books reading book review, reading breaking news, find words

Collect and read past tense, rhyming words describing words etc, text book activities

Writing skills

Make word web, picture description, word chain sentence chain, make words & sentences make riddles, Conversations, Add more lines, develop story description, notice proclamation, diary, letter announcement magazines.

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ്സ്: 2 പരിസരപഠനം

| | പ്രവർത്തനം | ലക്ഷ്യ/പ്രതീക്ഷകൾ | പ്രവർത്തനപദ്ധതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| I | പരീക്ഷണങ്ങൾ | * ശാസ്ത്രപഠനം ആസ്വാദ്യകരമാകുന്നു. അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു. * വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ചുകൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു. * യുക്തിചിന്ത വളർത്തുന്നു. | * പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയവ ആവിഷ്കരിച്ച് ചെയ്യുകയും ചെയ്യുന്നു. | ജൂൺ - ഫെബ്രുവരി | ക്ലാസ് ടീച്ചർ CPTA | SSK PTA |
| 2 | ലഘുപ്രോജക്ട് | കുട്ടികളിൽ ശാസ്ത്രചിന്തയും, യുക്തിചിന്തയും വളർത്തുക. | കുട്ടികൾ നേരിടുന്ന പഠനപ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതിനും നിഗമനത്തിലെത്തുന്നതിനും, [illegible] | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | PTA SSK |

| | | | | | | |
|---|---|---|---|---|---|---|
| 3 | പരീക്ഷണക്കിറ്റ് | * എല്ലാകുട്ടികളും ശാസ്ത്ര പരീക്ഷണങ്ങൾ സ്വന്തമായി ചെയ്യുന്നതിന്.<br>* വ്യത്യസ്തമായ ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ പ്രാപ്തരാകുന്നു.<br>* ശാസ്ത്രപഠനത്തിൽ ആത്മവിശ്വാസം പുലർത്തുന്നു. | * എല്ലാകുട്ടികളും പരീക്ഷണങ്ങൾ ചെയ്യാനുള്ള കിറ്റ് സ്വന്തമായി തയ്യാറാക്കുന്നു.<br>* പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പരീക്ഷണങ്ങൾ പരീക്ഷണകിറ്റുകൾ ഉപയോഗിച്ച് ഓരോരുത്തരും ചെയ്യുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ<br>SRG | SRG<br>PTA-CPTA<br>SSK. |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവലഭ്യത |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകർ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകർ | അധ്യാപകർ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകർ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകർ | സി പി ടി എ |



jibin550@gmail.com

| | | | | |
|---|---|---|---|---|
| | [illegible]<br><br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br><br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br><br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ<br><br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |


jibin550@gmail.com

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ,ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനക്കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • *മനക്കണക്കുകൾ*<br>• *മത്സരക്കളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |



jibin550@gmail.c

അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ് 3

2024-2025

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| നമ്മുടെ പരിസ്ഥിതിയെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാഠം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകർ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ സേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകർ<br>• പി ടി എ<br>• ഹരിതകർമ സേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകർ, കുട്ടികൾ | പി ടി എ<br>ഇല്ല |

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June - July | Teacher, Students | P T A |
| To study , write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | Academic year | Teacher, Students, Parents | Nil |



jibin550@gmail.c

# English - Std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| ഇംഗ്ലീഷ് സ്ഫുടമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി ഊട്ടിയുറപ്പിക്കൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക് | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതു | ആഴ്ചയിൽ മൂന്നു ദിവസം വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മക രചനകൾ വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് [illegible]** | | | | |
| ഇംഗ്ലീഷ് [illegible] | [illegible] | [illegible] | ക്ലാസ് റൂം | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾപ്പെടുത്തി വായനാ മൂല ഒരുക്കൽ<br><br>വായനാക്കുറിപ്പ് ഒരുക്കൽ<br><br>വായനാക്കുറിപ്പ് - പുസ്തക പരിചയം | [illegible] | ക്ലാസ് റൂം | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് [illegible] | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ | വായനാ [illegible] [illegible] പ്രവർത്തനങ്ങളുടെ അവതരണം | [illegible] | [illegible] | [illegible] |

4/7

# മലയാള ഭാഷ (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം മലയാളം** | | | | |
| ഭാഷാ പരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദന കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ഭാഷാ ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചായങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

## പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം, അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മ്യൂസിയങ്ങൾ<br>പ്രദർശനങ്ങൾ<br>ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം കളറ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | മാതൃക<br>പതിപ്പ് ചാർട്ട്<br>ആൽബം പഠനോപകരണം പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിയും ഗണിതവും** | | | | |
| ഗണിത പഠനം രസകരമാക്കൽ പഠനപ്രക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ [illegible] | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠനം** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ. [illegible] | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുഗമമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുവർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുവർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | [illegible] ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉത്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - 2024 - 25

## ഗവ. എൽ. പി. എസ്. [illegible]

മേഖല - അക്കാദമികം

ഉപമേഖല - അറബിക്

ലക്ഷ്യങ്ങൾ:- * അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തുരീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

* ചിഹ്നങ്ങൾ തിരിച്ചു വായന, പദനിർമാണം, പദശേഖരണം.
* ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു- പറയുന്നു-
* കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്
* മാഗസിൻ നിർമ്മാണം.
* ദിനാചരണങ്ങൾ പരിചയപ്പെടുന്നു

ഉപലക്ഷ്യങ്ങൾ: 1. അക്ഷരവായന.

- എഴുത്തുരീതി.
- ചിഹ്നങ്ങൾ ചേർത്തുവായന
- പദനിർമാണം
- പദശേഖരണം
- ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു
- കവിത കേട്ട് ആസ്വദിക്കുന്നു
- മാഗസിൻ നിർമ്മാണം
-

| ഉപകരണങ്ങൾ നടപ്പിൽ വരുത്താൻ കഴിഞ്ഞ പ്രവർത്തനങ്ങൾ | സമയക്രമം |
| --- | --- |
| → അക്ഷരകാർഡുകൾ നൽകുന്നു.<br>→ അക്ഷരങ്ങൾക്ക് നിറം നൽകാൻ അവസരമൊരുക്കുന്നു<br>→ ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>→ അക്ഷരങ്ങളുടെ out line നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>→ ICT ഉപയോഗിച്ച് വിവിധ വീഡിയോ പ്രദർശിപ്പിക്കുന്നു | ജൂൺ, ജൂലൈ ഓഗസ്റ്റ് |
| → അക്ഷരകാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br>→ പാഠപുസ്തകങ്ങൾക്ക് പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകുന്നു<br>→ പദനിർമ്മാണ മത്സരം നടത്തുന്നു | ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ |
| → പാഠപുസ്തകത്തിലെ ഉപചാരവാക്കുകൾ നിത്യജീവിത സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ |

| | |
|---|---|
| → ചെറിയ കവിതകൾ ചൊല്ലിച്ചൊല്ലി കേൾപ്പിക്കുന്നു.<br>→ കവിതകളുടെ [illegible] ക്കുന്നു.<br>→ കഥകൾ ചിത്രങ്ങളുടെ സഹായത്തോടെ അവതരിപ്പിക്കുന്നു.<br>→ കുട്ടിക്കവിതകൾ ചൊല്ലാനറിയുന്ന ചെറിയ വാക്കുകൾ നൽകുന്നു. | ഡിസംബർ-മാർച്ച് |
| → ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അസംബ്ലിയിലുള്ള പോസ്റ്ററുകൾ മാതൃക നൽകി തയ്യാറാക്കാൻ അവസരം നൽകുന്നു. | ജൂൺ-മാർച്ച് |

## നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സാക്ഷ്യപത്രം.

1. തെറ്റായ രീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നു
2. രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു
3. അക്ഷരപഠന സഹായി ഉപയോഗിക്കുന്നു
4. വീടുകളിൽ അക്ഷരച്ചാർട്ട്.
5. ഒഴിവ് വേളകളിൽ ലേഖനപ്രവർത്തനങ്ങൾ നൽകുന്നു
6. ചെറിയ കഥ, കവിതകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു. രക്ഷിതാക്കൾക്ക് വേണ്ട സഹായം നൽകുന്നു
7. ക്ലാസിൽ പാഠങ്ങൾ ഉറക്കെ ചൊല്ലിക്കുന്നു.
8. പോസ്റ്ററുകൾ, ചാർട്ടുകൾ ഇവ നിർമ്മിക്കാൻ ചിത്രങ്ങൾ വരയ്ക്കുന്നതിന് രക്ഷിതാവിന്റെ സഹായം തേടുന്നു

## ഓരോഘട്ടത്തിലെയും പ്രതീക്ഷിത കഴിവുകൾ

* കുട്ടികൾ വായിക്കുന്നു. ഉച്ചാരണശുദ്ധി ഉണ്ടാകുന്നു
* ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
* ചിത്രങ്ങൾ, അക്ഷരങ്ങൾ, പദങ്ങൾ, ഉച്ചാര വാക്യങ്ങൾ, കഥ, കവിത, ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മനസ്സിൽ നിർത്താം.